ഉത്തരം

(എ) സൗമ്യ എന്ന കുട്ടിയുടെ മരണത്തെക്കുറിച്ച് അന്വേഷിക്കുവാൻ അഡീഷണൽ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് (വിജിലൻസ്) നിർദ്ദേശം നൽകുകയുണ്ടായി. ഇതു സംബന്ധിച്ച് അവർ 24–7–1986–ൽ കുറ്റ്യാടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽവച്ച് അന്വേഷണം നടത്തുന്നതാണ്.

(ബി) അന്വേഷണ സമയത്ത് പോസ്റ്റ്മോർട്ടം റിപ്പോർട്ട് പരിശോധിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ ഇപ്പോൾ ലഭ്യമല്ല.

(സി) നഷ്ടപരിഹാരം സംബന്ധിച്ച് അപേക്ഷ ലഭിക്കുമ്പോൾ അത് പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

മെഡിക്കൽ വിദ്യാഭ്യാസം

1088 [2015] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ മെഡിക്കൽ വിദ്യാഭ്യാസത്തിനുള്ള മാദ്ധ്യമം മലയാളമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദവിവരങ്ങൾ പറയാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

ഹെൽത്ത് സർവ്വീസസ് ഡയറക്ടറേറ്റിന്റെ കീഴിലുള്ള ഡോക്ടർമാർ

1089 [2016] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹെൽത്ത് സർവ്വീസസ് ഡയറക്ടറേറ്റിന്റെ കീഴിൽ— എത്ര ഡോക്ടർമാർ സംസ്ഥാനത്താകെയായി സേവനം അനുഷ്ഠിക്കുന്നുണ്ട്;

(ബി) ഇതിൽ എത്രപേർ ഇപ്പോൾ അഞ്ചുവർഷവും അതിലധികവുമുള്ള ലീവിൽ പോയിട്ടുണ്ട്;

(സി) എത്രപേർ അഞ്ചു വർഷവും അതിലധികവുമുള്ള കാലയളവിൽ ഡെപ്യൂട്ടേഷനിൽ പോയിട്ടുണ്ട്?

ഉത്തരം

(എ) സംസ്ഥാനത്ത് ആരോഗ്യവകുപ്പിന്റെ കീഴിൽ മൊത്തം ഡോക്ടർമാർ സേവനം അനുഷ്ഠിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1–1–1981 മുതൽ 30–6–1986 വരെയുള്ള കാലയളവിൽ ആരോഗ്യ വകുപ്പിന്റെ കീഴിൽ 286 ഡോക്ടർമാർ അഞ്ചു വർഷവും അതിലധികവുമുള്ള അവധിയിൽ പോയിട്ടുണ്ട്.

(സി) 23 ഡോക്ടർമാർ ഇപ്പോഴും ഡെപ്യൂട്ടേഷനിലുണ്ട്.

പത്തനംതിട്ട ജനറൽ ആശുപത്രിയിൽ ഒരു ഇൻറൻസീവ് കെയർ യൂണിറ്റ്

1090 [2018] ശ്രീ. കെ. കെ. നായർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജനറൽ ആശുപത്രിയിൽ ഒരു ഇൻറൻസീവ് കെയർ യൂണിറ്റ് തുടങ്ങാൻ നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പത്തനംതിട്ട ജനറൽ ആശുപത്രിയിൽ ഇപ്പോഴും 106 കിടക്കകളും ഉണ്ട്. അത്യാവശ്യമായ ഓർത്തോ, പീഡിയാട്രിക് ഫിസിക്കൽ മെഡിസിൻ, സ്കിൻ ആൻറ് വി. ഡി. മുതലായ സ്പെഷ്യാലിറ്റികളും തുടങ്ങുന്നതിനുള്ള നിർദ്ദേശം ഗവൺമെൻറിന്റെ പരിഗണനയിലുണ്ട്. ഈ യൂണിറ്റുകളും തുടങ്ങുന്ന മുറയ്ക്ക് ഒരു ഇൻറൻസീവ് കെയർ യൂണിറ്റ് തുടങ്ങുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

"മാനസികാശുപത്രികൾ"

1091 [2019] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാം മാനസികാശുപത്രികൾ ഉണ്ട്; ഈവർഷം പുതുതായി എവിടെയെല്ലാം തുറക്കാൻ ഉദ്ദേശിക്കുന്നു;

(ബി) കൂടുതൽ നേഴ്സുമാർക്കും മറ്റുള്ളവർക്കും സൈക്യാട്രി ട്രെയിനിംഗ് നൽകുവാൻ നടപടി എടുക്കുമോ;

(സി) എല്ലാ താലൂക്കാശുപത്രികളിലും സൈക്യാട്രിക് ഡോക്ടർമാരെ നിയമിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ മാനസികരോഗാശുപത്രികളുണ്ട്. ഈ വർഷം പുതിയ മാനസികരോഗാശുപത്രികൾ തുടങ്ങാനുദ്ദേശമില്ല.

(ബി) നടപടി സ്വീകരിക്കുന്നതാണ്.

(സി) താലൂക്കാശുപത്രികളിൽ സൈക്യാട്രിക് യൂണിറ്റുകളില്ല. ഈ യൂണിറ്റുകൾ താലൂക്കാശുപത്രികളിൽ രൂപീകരിക്കുന്നതും സൈക്യാട്രിസ്റ്റുകളെ നിയമിക്കുന്നതും പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly